# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6232    31.10.2011-ൽ മറുപടിയ്ക്ക്

## ലോകബാങ്ക് ധനസഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും പ്രവർത്തനം മെച്ചപ്പെടുത്താൻലോകബാങ്കുമായുള്ള ധാരണാ പത്രത്തിൽ ഒപ്പ് വച്ചതനുസരിച്ച് എത്ര കോടി രൂപ വായ്പ ലഭിച്ചെന്ന് വ്യക്തമാക്കാമോ; | (എ) | 919.87 കോടി രൂപയാണ് ലോക ബാങ്കിൽ നിന്നുമുള്ള വായ്പതുക. |
| (ബി) | വായ്പയുടെ പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് തുടങ്ങുന്നത്എന്നാണെന്നും എത്ര വർഷം കൊണ്ട് ഈ തുകതിരിച്ചടയ്ക്കണമെന്നും വെളിപ്പെടുത്താമോ; | (ബി) | പിൻവലിച്ച വായ്പ തുകയുടെ മുക്കാൽശതമാനം (0.75%)സർവ്വീസ് ചാർജ്ജും,പിൻവലിക്കാത്ത വായ്പ യുടെ ബാക്കിത്തുകയ്ക്ക് അര ശതമാനം (0.5%) കമ്മിറ്റ്മെന്റ് ചാർജ്ജും ആണ് പലിശ നിരക്കിൽ ഉൾപ്പെടുന്നത്;<br>2021-മുതൽ2046-വരെ അവസാനിക്കുന്ന 25 വർഷം കൊണ്ടാണ് വായ്പ തുക തിരിച്ചടക്കേണ്ടത്. |
| (സി) | സംസ്ഥാന സർക്കാരും ലോകബാങ്കുമായുള്ള ഈ പദ്ധതിയുടെ പേര് എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി) എന്നതാണ് പദ്ധതിയുടെ പേര്. |

സെക്ഷൻ ഓഫീസർ